## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

07.06.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 1556

### കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയും ഓഖി ദുരിതാശ്വാസത്തിനായുള്ള അർഹതപ്പെട്ട കേന്ദ്ര സഹായം നേടിയെടുക്കലും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ആഴക്കടൽ മത്സ്യബന്ധനത്തിനായി കേന്ദ്രം ആരംഭിച്ച 'ബ്ലൂ റവല്യൂഷൻ' പദ്ധതി പ്രകാരം സംസ്ഥാനത്തിന് എത്ര ബോട്ടുകളുടെ നിർമ്മാണത്തിന് സബ്സിഡി അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; പദ്ധതി പ്രകാരം സബ്സിഡി ഒന്നും അനുവദിച്ചിട്ടില്ലെങ്കിൽ എന്തു കൊണ്ടാണ് ഈ സഹായം നേടിയെടുക്കാൻ കഴിയാത്തതെന്ന് വിശദമാക്കാമോ; | (എ), (ബി) | ആഴക്കടൽ മത്സ്യബന്ധനത്തിനായി കേന്ദ്രം ആരംഭിച്ച 'ബ്ലൂറവല്യൂഷൻ' പദ്ധതി പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ നാളിതുവരെ ഭരണാനുമതി നൽകുകയോ, സബ്സിഡി അനുവദിക്കുകയോ ചെയ്തിട്ടില്ല. ആദ്യഘട്ടത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ച 'ബ്ലൂറവല്യൂഷൻ' പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം 140 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിരുന്നത്. അതിനനുസരിച്ചാണ് പദ്ധതി തയ്യാറാക്കി സമർപ്പിച്ചിരുന്നത്. എന്നാൽ അതിന് ശേഷം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യത്യാസം വരുത്തുകയും യൂണിറ്റ് കോസ്റ്റ് 80 ലക്ഷം രൂപയായി ചുരുക്കി നിശ്ചയിക്കുകയും കേന്ദ്ര സബ്സിഡി 50% ആയി നിജപ്പെടുത്തുകയുമുണ്ടായി. 80 ലക്ഷം രൂപ ചിലവിൽ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരമുള്ള സ്റ്റീൽ ബോട്ടും മറ്റ് അനുസാരികകളും ഉൾപ്പെടുന്ന ഫിഷിംഗ് യൂണിറ്റുകൾ നിർമ്മിച്ച് പദ്ധതി വിജയകരമായി നടപ്പിലാക്കാൻ കഴിയില്ല എന്നത് കൊണ്ട് ടി ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവ് ആവശ്യപ്പെട്ട് കൊണ്ടും 120 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി 500 ബോട്ടുകൾക്ക് അനുമതിയും സാമ്പത്തിക സഹായവും ആവശ്യപ്പെട്ടുകൊണ്ട് 70812.5 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടില്ല. |
| (ബി) | ഈ പദ്ധതി പ്രകാരം സംസ്ഥാന ഗവൺമെന്റ് എത്ര രൂപയുടെ പദ്ധതി നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്; ഇതിൽ എത്ര രൂപയുടെ സഹായം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; | | |
| (സി) | ഓഖി ദുരിതാശ്വാസ സഹായത്തിൽ ഉൾപ്പെടെ അർഹതപ്പെട്ട കേന്ദ്ര സഹായം നേടിയെടുക്കുന്നതിൽ സംസ്ഥാനത്തിന് കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധന യൂണിറ്റുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 120 മത്സ്യത്തൊഴിലാളികൾക്ക് അവ പുനസ്ഥാപിച്ച് നൽകുന്നതിനായി 9.84 കോടി രൂപയുടെ പദ്ധതി ബ്ലൂറവല്യൂഷനിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും അതിന്റെ 25 ശതമാനമായ 194.40 ലക്ഷം രൂപ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. ഓഖിദുരന്തം വിലയിരുത്തുന്നതിനായി കേരളം സന്ദർശിച്ച കേന്ദ്ര സംഘത്തിന് 7340 കോടിയുടെ പദ്ധതി സമർപ്പിച്ചതിൽ ഏകദേശം 2000 കോടിയോളം രൂപയുടെ പദ്ധതികൾ ഫിഷറീസ് മേഖലയുമായി ബന്ധപ്പെട്ടവയാണ്. എന്നാൽ അനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ